# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1943** **07-12-2015-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br>ശ്രീ. എ.കെ. ബാലൻ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ലോട്ടറി ടിക്കറ്റിന്റെ വിൽപ്പനയിലൂടെ ലഭിച്ച തുകയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് മാറ്റിയതൊഴികെ ബാക്കി തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നത്.<br><br>28.11.2015 വരെ കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിച്ച അറ്റാദായം 515.37 കോടി രൂപയാണ്. മൊത്തം വിറ്റുവരവായ 2457.21 കോടി രൂപയുടെ ബാക്കി തുകയായ 1941.84 കോടി രൂപ സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് എന്നീ ഇനങ്ങളിലായി ചെലവഴിച്ചു.<br><br>26.11.2015 വരെ കാരുണ്യ പ്ലസ് ലോട്ടറിയിൽ നിന്നും ലഭിച്ച അറ്റാദായം 221.44 കോടി രൂപയാണ്. മൊത്തം വിറ്റുവരവായ 1191.43 കോടി രൂപയുടെ ബാക്കി തുകയായ 969.99 കോടി രൂപ സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് എന്നീ ഇനങ്ങളിലായി ചെലവഴിച്ചു. |
| (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ സർക്കാർ ആശുപത്രി, അക്രഡിറ്റഡ് സ്വകാര്യ ആശുപത്രി, റീ-ഇമ്പേഴ്സ്മെന്റ്, സ്പെഷ്യൽ സാങ്ഷൻ എന്നിവ വഴി എത്ര തുക എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 30.11.2015 വരെയുള്ള കാലയളവിൽ സർക്കാർ ആശുപത്രി തലത്തിൽ 47840 പേർക്ക് 596.19 കോടി രൂപയും, സ്വകാര്യ ആശുപത്രികളിൽ 16,643 പേർക്ക് 54.34 കോടി രൂപയും, റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 559 പേർക്ക് 3.45 കോടി രൂപയും, സ്പെഷ്യൽ സാങ്ഷൻ ഇനത്തിൽ 245 പേർക്ക് 2.60 കോടി രൂപയുമാണ് ചികിത്സാ ധനസഹായമായി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഫണ്ടിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | പ്രസ്തുത ഫണ്ടിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടില്ല. 01.01.2015 മുതൽ സർക്കാർ തലത്തിലുള്ള ആശുപത്രികളിൽ 406.91 കോടി രൂപയും സ്വകാര്യ ആശുപത്രികൾക്ക് 15.63 കോടി രൂപയും വിതരണം ചെയ്യാനുണ്ട്. |

സെക്ഷൻ ഓഫീസർ.